**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **08-10-2021 - ൽ മറുപടിയ്ക്ക്**

**മുട്ടക്കോഴി ഉത്പാദനം വർധിപ്പിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ കീഴിലുള്ള പൗൾട്രി ഫാമുകളുടെ എണ്ണം എത്രയെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ; ശരാശരി ഉത്പാദനം എത്ര എന്നറിയിക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഒരു സെൻട്രൽ ഹാച്ചറിയും, 6 മേഖലാ കോഴി വളർത്തൽ കേന്ദ്രങ്ങളും, 2 ജില്ലാ കോഴി വളർത്തൽ കേന്ദ്രങ്ങളും, കൊല്ലത്ത്തോട്ടത്തറ ഹാച്ചറിയും, ഇതിനു പുറമേ ഒരു താറാവ് വളർത്തൽ കേന്ദ്രവും, ഒരു ടർക്കി വളർത്തൽ കേന്ദ്രവും ഒരു ഡക്ക് ഹാച്ചറിയും പ്രവർത്തിക്കുന്നു . ഫാമുകളുടെ പേര് ശരാശരി ഉത്പാദനം (മാസത്തിൽ) 2020-21 1 ദിവസം പ്രായമായ മുട്ടകോഴി/ താറാവ്/ടർക്കി കുഞ്ഞുങ്ങൾ ------------------------------------------------------------------------------------------ മേഖല കോഴി വളർത്തൽ കേന്ദ്രം, മുണ്ടയാട്; കണ്ണൂർ - 32323 മേഖല കോഴി വളർത്തൽ കേന്ദ്രം,ചാത്തമംഗലം, കോഴിക്കോട് - 29463 ജില്ലാ കോഴി വളർത്തൽ കേന്ദ്രം,ആതവനാട, മലപ്പുറം - 11397 മേഖലാ കോഴി വളർത്തൽ കേന്ദ്രം,മലമ്പഴ,പാലക്കാട് - 21556 മേഖലാ കോഴി വളർത്തൽ കേന്ദ്രം,കൂവപ്പടി, എറണാകുളം - 22417 ജില്ലാ കോഴി വളർത്തൽ കേന്ദ്രം, കോലാനി, ഇടുക്കി - 15348 മേഖലാ കോഴി വളർത്തൽ കേന്ദ്രം, മണർക്കാട് - 32318 ആർ.പി.എഫ്, കുടപ്പനക്കുന്ന് - 34139 സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ - 42197 ഡക്ക് ഫാം നിരണം - 3862 ഡക്ക് ഹാച്ചറി & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മഞ്ഞാടി - 31716 ജില്ലാ ടർക്കി ഫാം , കൊല്ലം - 2124 തോട്ടത്തറ ആയൂർ ഹാച്ചറി - 5330 |
| (ബി) | ഏതെങ്കിലും മണ്ഡലത്തിൽ പുതിയതായി പൗൾട്രി ഫാം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | മുട്ടക്കോഴി ഉത്പാദനം വർധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ജനകീയാസൂത്രണ പദ്ധതി വഴി ഒരു ഗുണഭോക്താവിനു 25 കോഴികുഞ്ഞുങ്ങൾ വരെ സൗജന്യ നിരക്കിൽ നൽകുന്നുണ്ട് . സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | മുട്ട കോഴി വളർത്തുന്നതിലേയ്ക്കായി സ്കൂൾ വിദ്യാർത്ഥിനികൾക്ക് 5 മുട്ട കോഴികളെ വീതം നൽകി കൊണ്ട് സ്കൂൾ പൗൾടി ക്ലബ്ബ് എന്ന പേരിൽ സംസ്ഥാനത്ത് ഉടനീളം മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പാക്കി വരുന്നു നഗരപ്രദേശങ്ങളിൽ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിയും കൂട്ടും പദ്ധതി, മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ എന്നിവ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ